# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :6271 03.04.2018 ലെ മറുപടിയ്ക്ക്

**നിലമ്പൂർ മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ കണ്ടൻ**

| | ചോദ്യം<br>ശ്രീ. പി.വി.അൻവർ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | നിലമ്പൂർ മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ അയ്യപ്പൻകളം കോളനിയിലെ കണ്ടൻ എന്നയാൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് മതിയായ ചികിത്സ കിട്ടാതെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടനെ ചികിത്സിക്കുന്നതിൽ വീഴ്ച വരുത്തിയ ടി ആശുപത്രിയിലെ രണ്ട് ഡോക്ടർമാരെ ആരോഗ്യ വകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| ബി) | പ്രാഥമികമായി നൽകിയ ചെറിയ തുകയില്ലപരി സ്ഥലം എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ, വീടോ, മക്കളോ ഇല്ലാത്ത കണ്ടന്റെ കുടുംബത്തിനെ സഹായിക്കുവാൻ എടുത്ത നടപടി വിശദമാക്കാമോ; | ബി) & സി) | നിലമ്പൂർ ഐ.ടി.ഡി.പി ഓഫീസർ, കണ്ടന്റെ മൃതദേഹം മറവ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണം നടത്തുകയും മരണാനന്തര ചടങ്ങുകൾക്ക് 3,500/-രൂപയും കണ്ടന്റെ ഭാര്യ ശ്രീമതി. മാതിയ്ക്ക് അടിയന്തര ധനസഹായമായി 25,000/-രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>ബഹു.നിലമ്പൂർ എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടന്റെ ഭാര്യയ്ക്ക് വീട് അനുവദിക്കുന്നതിലേയ്ക്കായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിലമ്പൂർ ഐ.റ്റി.ഡി.പി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടിയാന്റെ ഭാര്യയുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) | കണ്ടന്റെ കുടുംബത്തിന് നഷ്ടപരിഹാര തുക നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ